പൊതുമരാമത്ത് വകുപ്പ് ചീഫ്എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) ചുമതലയേൽപ്പിച്ചു: ഇതനുസരിച്ച് മെക്കാനിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (പി.ഡബ്ല്യൂ.ഡി.) രണ്ട് ജങ്കാറുകൾ നിർമ്മിച്ചു നൽകുവാൻ 28-7-1999-ൽ ടെണ്ടർ ക്ഷണിക്കുകയും M/s ജമിനി ആന്റ് ജമിനി, തിരുവനന്തപുരത്തിന് രൂപ എൺപത്തിയേഴു ലക്ഷം + നികുതി എന്ന തുകയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും (7-3-2000-ൽ) കരാർ ഒപ്പു വയ്ക്കുകയും ചെയ്തു.

ഏകദേശം 60 ശതമാനം പണികൾ കരാറുകാരൻ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള പണികൾ കരാറുകാരൻ തുടർന്ന് ചെയ്യുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, 17-10-2006-ൽ പ്രസ്തുത കരാർ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുണ്ടായ ചർച്ചയുടേയും സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കരാർ അവസാനമായി 9-3-2010-ൽ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദു ചെയ്തു. ഇപ്പോൾ ഈ ജങ്കാറുകൾ വകുപ്പിന്റെ കസ്റ്റഡിയിലാണ്.

(ബി) ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും വാങ്ങുന്നതിനു വേണ്ടി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടർ 2-6-2010-ൽ തുറക്കുകയും, രണ്ട് ജങ്കാറുകൾക്കും വേണ്ടി ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് 2,22,52,000(രണ്ട് കോടി ഇരുപത്തിരണ്ടു ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) രൂപയ്ക്കാണ്.

(സി) പുതിയ ജങ്കാറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആദ്യ കരാർ പ്രകാരം ഭാഗികമായി (ഏതാണ്ട് 60 ശതമാനം) പണി പൂർത്തിയാക്കി കരാർ റദ്ദ് ചെയ്ത ജങ്കാറുകൾക്കുവേണ്ടി കരാറുകാരന് മൊത്തം 57,84,576 രൂപ റിട്ടൻഷൻ തുകയായ 3,65,400 രൂപ കഴിച്ച് വകുപ്പ് നൽകിയിട്ടുണ്ട്.

മണ്ണട്ടംപാറ വിയർ-കം-ലോക്കിന്റെ കേടുവന്ന ഷട്ടറും സ്ട്രക്ചറും പുനരുദ്ധരിക്കാൻ നടപടി

111 (5001) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ മണ്ണട്ടംപാറ വിയർ-കം-ലോക്കിന്റെ ഷട്ടറും സ്ട്രക്ചറും കേടുവന്ന് ഏത് നിമിഷവും തകരാവുന്ന നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിയർ-കം-ലോക്ക് പൂർണ്ണമായും പുനരുദ്ധരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഉടനടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണട്ടംപാറ വിയർ-കം-ലോക്കിന്റെ കേടുവന്ന ഒരു സ്പിൽവേ, ഓപ്പറേറ്റിംഗ് മെക്കാനിസം ഉൾപ്പെടെ 7.5 ലക്ഷം രൂപ ചെലവഴിച്ച് മാറ്റി പണിതിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തുടർന്നുവരുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ച് 30.5 ലക്ഷം രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി

112 (5002) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂന്നാംകടവ് പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി എന്നാണ് ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ :

(സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഫീസിബിലിറ്റി സ്റ്റഡി 1975-ൽ ആരംഭിച്ചു. ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും തുടർന്ന് വൈദ്യുതോല്പാദനത്തിനുള്ള സാധ്യത പരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) 2,25,581 രൂപ

(ഡി) തദ്ദേശവാസികളുടെ എതിർപ്പുമൂലം നിർത്തിവയ്ക്കേണ്ടിവന്ന സർവ്വേ പുനരാരംഭിക്കാൻ കഴിഞ്ഞാൽ മാത്രമേ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly